(ബി) ബന്ധപ്പെട്ട ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഗവേഷണങ്ങളും പഠനങ്ങളും നടത്തുകയാണ് ഇവയുടെ പൊതുവായ കർത്തവ്യം.

(സി) നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ ഒഴിച്ച് ബാക്കി അഞ്ച് സ്ഥാപനങ്ങൾക്കും സ്വന്തമായി ലാബറട്ടറികളുണ്ട്.

(ഡി & ഇ) ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ ബി. എസ്സി. (ബയോടെക്നോളജി) വിദ്യാർത്ഥികൾക്ക് ട്രെയിനിംഗിനുള്ള സൗകര്യം നൽകാറുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ബയോടെക്നോളജിയിൽ ബിരുദാന്തര ബിരുദമുള്ളവർക്ക് ട്രെയിനിംഗിനുള്ള സൗകര്യം നൽകുന്നുണ്ട്. ബിരുദാനന്തര ബിരുദമുള്ള അനവധി വിദ്യാർത്ഥികൾ പരിശീലനത്തിനായി ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ബി. എസ്സി. വിദ്യാർത്ഥികൾക്കു കൂടി ട്രെയിനിംഗ് നൽകുവാനുള്ള സൗകര്യം ഈ സ്ഥാപനത്തിലില്ല. മറ്റു സ്ഥാപനങ്ങളിൽ ബയോടെക്നോളജി ലാബറട്ടറികളില്ല.

(എഫ്) കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള വിവിധ സർവ്വകലാശാല ഡിപ്പാർട്ടുമെന്റുകൾ, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെന്റർ ഫോർ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് മുതലായവയിൽ ട്രെയിനിംഗ് നൽകാനുള്ള സൗകര്യങ്ങൾ ഉള്ളതായി അറിയുന്നു.

(ജി) ചോദ്യം ഉദിക്കുന്നില്ല.

സിവിൽ സർവീസ് കാര്യക്ഷമമാക്കാൻ നടപടി

22 [22] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവീസ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൂടുതലായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി & സി) സംസ്ഥാന സിവിൽ സർവീസും, നിലവിലുള്ള ഭരണസംവിധാനവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള ഭരണ പരിഷ്കാര സമിതി (1997) യുടെ റിപ്പോർട്ടുകളിലെ ശുപാർശകൾ അംഗീകരിച്ചു നടപ്പാക്കിവരുന്നതോടൊപ്പം ഏതാനും സർക്കാർ നവീകരണ ഉദ്യമങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സേവന ദായക മേഖലയിൽ സുതാര്യമായ നടത്തിപ്പിന് ഉതകുന്ന രീതിയിൽ സിവിൽ സർവീസിനെ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പൊതുജനങ്ങളുമായി നേരിട്ട് ബന്ധമുള്ള എല്ലാ സർക്കാർ വകുപ്പുകളിലും 'പൗരാവകാശ പത്രിക' തയ്യാറാക്കാനും; 'അന്വേഷണ കൗണ്ടറുകൾ' തുറക്കാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. എല്ലാ വകുപ്പുകളിലും 'പ്രവർത്തന പുനരവലോകനം' നടത്താനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാരുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുജന സേവനത്തിന് ഉതകുന്ന രീതിയിലുള്ള തുടർ പരിശീലനപദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. കാര്യക്ഷമതയുടെയും പ്രവർത്തനമികവിന്റെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നല്കുന്നത് സംബന്ധിച്ച കരടുരേഖയും പരിശോധിച്ചു വരുന്നുണ്ട്. സംസ്ഥാന തലത്തിൽ ഒരു 'സിവിൽ സർവീസ്' രൂപീകരിക്കുന്ന വിഷയവും സർക്കാർ പരിഗണനയിലാണ്.

റീ-ഡിപ്ലോയ്മെന്റ് കമ്മിറ്റിയുടെ ശുപാർശകൾ

23 [23] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനും നിയമന നിരോധനത്തിനുമായി സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സർക്കുലറുകളുടെയും ഉത്തരവുകളുടെയും കോപ്പി ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസിദ്ധീകരിച്ച എ. ആർ. സി. റിപ്പോർട്ടിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ ശുപാർശ ചെയ്തിരുന്നോ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നിയമന നിരോധനം നിലവിലുണ്ടായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly